# ഹാസ്യപ്രധാനം...

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

സഹസാ സാഹസം കാട്ടുന്ന
ഹാസ്യരസപ്പീഠത്തിലെ കുട്ടി —
ചിരിച്ചുകരഞ്ഞ കോലായയിൽ
വിഷാദവിഷമൌനക്കോമാളി!

ഏകഭാവം തുടുത്ത ചിരിക്കവിൾ —
കാമുകീവേഷം കടം കൊടുക്കുവോൾ;
നിത്യവസന്തത്തേരിൽ വില്ലെടുക്കാൻ
കർമ്മകാണ്ഡ യോഗിയെത്തേടുവോൾ!

വിലക്കുംചിന്തകൾ വിളക്കിച്ചേർക്കലിൽ
നർമ്മയോഗപ്രതിഭാസ തത്ത്വമുതിർക്കും.
ഉണ്ണികൾ താഴ്‌വരച്ചിന്തയിൽ രമിക്കവേ
കാണികൾ കൂട്ടച്ചിരിയിൽ കയ്യടിമാല!

കുള്ളനും കൂനനും കൂടെ നടക്കുമ്പോൾ
ദേവനും അസുരനും കൈക്കോർക്കുമ്പോൾ
ഇരുട്ടും വെളിച്ചവും ത്രിസന്ധ്യയാകുമ്പോൾ
കറുപ്പും വെളുപ്പും മറവിട്ടിണചേരുമ്പോൾ
പണ്ഡിതർ പാമരർ കൂടിക്കലരുമ്പോൾ
പൂർവ്വോത്തരങ്ങൾ സ്ഥാനഭ്രംശമാകുമ്പോൾ
മതരാഷ്ട്രീയങ്ങൾ മൌലികമാകുമ്പോൾ
എണ്ണയും തണ്ണിയും ചേർന്നുപിരിയുമ്പോൾ
മഹദ്വചനം പൊയ്വാക്കിലന്വയിക്കുമ്പോൾ
അണുവും പ്രപഞ്ചവും തമ്മിലിടയുമ്പോൾ —
ചൂണ്ടുവിരൽ, വളഞ്ഞ മൂക്കിൽ ചൂണ്ടി
ചൊല്ലുന്നു നാം: "ഹാസ്യപ്രധാനം ജീവിതം!"
**************************************************************************